**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** **27-07-2021 - ൽ മറുപടിയ്ക്ക്**

**ടാങ്കർ ലോറി അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകടം കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 20.02.2020-ൽ തമിഴ്.നാട്ടിലെ അവിനാശിയിൽ ഉണ്ടായ വാഹന അപകടത്തിന്റെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം, തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കൺവീനറായും റോഡ് സുരക്ഷ കമ്മീഷണർ, ഗതാഗത കമ്മീഷണർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരി ക്കുന്നതിന് ശുപാർശ ചെയ്ത പ്രകാരം സ.ഉ.(സാധാ) നം. 170/2020/ഗതാ തീയതി 29.05.2020 ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി താഴെ പറയുന്ന വിഷയങ്ങൾ പരിഗണിച്ച് സർക്കാരിലേക്ക് ശുപാർശ നൽകുന്നതാണ്. 1. ദീർഘദൂര വാഹന ഡ്രൈവർമാരുടെ, പ്രത്യേകിച്ചും ട്രക്കുകളുടെയും കണ്ടെയ്നർ ലോറികളുടെയും, ജോലി സമയം നിജപ്പെടുത്തൽ. 2. ഡ്രൈവർമാരുടെ വിശ്രമം, തൊഴിൽ സാഹചര്യം എന്നിവ സംബന്ധിച്ച വിഷയങ്ങൾ. 3. രാത്രികാല ഡ്രൈവിംഗ് സംബന്ധിച്ച വിഷയങ്ങൾ. 4. ഇത്തരം അപകടങ്ങൾ ആവർത്തിക്കാ തിരിക്കുന്നതിനായി സ്വീകരിക്കേണ്ടുന്ന കാര്യങ്ങളും ഏർപ്പെടുത്തേണ്ടുന്നതായ മറ്റു നിയന്ത്രണങ്ങളും. കൂടാതെ സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിയ്ക്കൽ സിഗ്നൽ ലംഘനം ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിയ്ക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പാതകളിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജി.പി.എസ്. അധിഷ്ഠിത മായ വാഹന |

| | | | |
|---|---|---|---|
| | | | നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ ട്രാൻസ്പോർട്ട് വാഹന ങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ട്. മദ്യപിച്ചുകൊണ്ടുള്ള വാഹനമോടി യ്ക്കൽ അപകടങ്ങൾ കണ്ടെത്താനായി ആൽക്കോമീറ്റർ ഉപയോഗിച്ചുവരുന്നു. |
| (ബി) | കണ്ണൂർ ജില്ലയിൽ 2020-ൽ എത്ര ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; | (ബി) | 2020 വർഷം കണ്ണൂർ ജില്ലയിൽ ടാങ്കർ ലോറി കൾ അപകടത്തിൽപ്പെട്ടിതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ യൂണിറ്റിനും ഫയർഫോഴ്സിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ഈ ഇനത്തിൽ ഫണ്ട് അനുവദി ച്ചിട്ടില്ലാത്തതിനാൽ ഗതാഗത വകുപ്പിൽ നിന്ന് നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ